
# കണക്കുകൾ കഥ പറയുമ്പോൾ

## (മനുഷ്യചരിത്രം ഒരു പരിണാമസൂത്രം)



# കണക്കുകൾ കഥ പറയുമ്പോൾ (മനുഷ്യചരിത്രം: ഒരു പരിണാമസൂത്രം)

**ഭൂ**മി പരിണമിച്ചുണ്ടായിട്ട് 460 കോടി വർഷമായെന്നും, മനുഷ്യൻ ഭൂമിയിൽ ഉണ്ടായിട്ടു അഞ്ചോ ആറോ ദശലക്ഷം വർങ്ങളായി എന്നും ശാസ്ത്രം പറയുന്നു. "ഗ്രീസ്: മനുഷ്യന്റേതെന്ന് സംശയിക്കുന്ന കാലടിപ്പാടുകളുടെ ഫോസിൽ ഗ്രീസിലെ 'ക്രീക്കിൽ' കണ്ടെത്തി. ആഫ്രിക്കയിലെ മനുഷ്യരുടെ പരിണാമവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളെ എതിർക്കുന്നതാകും ഈ ഫോസിലുകളെന്ന സംശയം ഉയർന്നിട്ടുണ്ട്. 5.7 ദശലക്ഷം വർഷം പഴക്കമുള്ളതെന്ന് സംശയിക്കുന്ന വലിയ കാലടിപ്പാടുകളാണ് കണ്ടെത്തിയത്." (malayalam.indianexpress.com 02/09/2017). "തികച്ചും മനുഷ്യനെന്ന് വിളിക്കാവുന്ന ജീവി ഭൂമിയിൽ പ്രത്യക്ഷപ്പെട്ടിട്ട് അഞ്ചോ ആറോ ദശലക്ഷം വർഷങ്ങളേ ആയിട്ടുള്ളൂ എന്നാണ് വിശ്വസിക്കപ്പെടുന്നത്." (പി.എസ്. വേലായുധൻ. (1985). ലോകചരിത്രം-ഒന്നാം ഭാഗം, പത്താം പതിപ്പ്). "എത്യോപ്യ: 400, 000 വർഷം പഴക്കമുള്ള ഹോമോസാപ്പിയൻസ് മനുഷ്യന്റെ താടിയെല്ലാണ് എത്യോപ്യയിൽ നിന്നും കണ്ടെത്തിയത്. നരവംശ ശാസ്ത്രത്തിലെ വിട്ടുപോയ പ്രധാന കണ്ണിയാണ് ഇതെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. അരിസോണ സ്റ്റേറ്റിലെ വിദ്യാർത്ഥിയാണ് പുരാതന മനുഷ്യന്റെ താടിയെല്ല് കണ്ടെത്തിയത്. അഞ്ച് പല്ലുകളുള്ള ഇടത് താടിയെല്ലാണ് കണ്ടെത്തിയത്. 2013-ൽ അഫാർ മേഖലയിൽ പഠനം നടത്തിയിരുന്ന 'ചലാച്ച്യോ സെയ്മൺ' എന്ന വിദ്യാർത്ഥിക്കാണ് താടിയെല്ല് ലഭിച്ചത്." (dev.thekeralapost.com, 06/03/2015). "നാല് ലക്ഷം വർഷം

പഴക്കമുള്ള മനുഷ്യ ഫോസിൽ പോർച്ചുഗലിൽ കണ്ടെത്തി പോർച്ചുഗീസ് പുരാവസ്തുശാസ്ത്രജ്ഞനായ Joao Zilhao-ന്റെ നേതൃത്വത്തിലുള്ള Binghamton University-യിലെ നരവംശശാസ്ത്രജ്ഞനായ Rolf Quam ഉൾപ്പെടുന്ന ഒരു അന്തർദേശീയ ഗവേഷണ സംഘം പോർച്ചുഗലിലെ ഏറ്റവും പഴയ മനുഷ്യ ഫോസിൽ തലയോട് കണ്ടെത്തി." (neritam.com, 03/05/2017). "മൊറോക്കോ: മൊറോക്കോയിൽ നിന്ന് കണ്ടെത്തിയ മനുഷ്യ ഫോസിൽ ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും പഴക്കമുള്ളതെന്ന് ശാസ്ത്രജ്ഞർ. ഹോമോസാപ്പിയൻ ജനുസിലുള്ള ഈ ഫോസിൽ 3 ലക്ഷം വർഷം പഴക്കമുള്ളതാണ്. ഇതുവരെ കാലപ്പഴക്കം നിർണയിച്ചവയിൽ ഏറ്റവു പഴക്കമുള്ളതായി രേഖപ്പെടുത്തിയിരുന്നത് 1,95, 000 വർഷം പഴക്കമുള്ളതായിരുന്നു. ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വിവിധ പ്രദേശങ്ങളിലാണ് മനുഷ്യവംശം രൂപം കൊണ്ടതെന്നാണ് ഈ കണ്ടുപിടിത്തം വ്യക്തമാക്കുന്നത്." (newsmoments.in, 11/06/2011). "പ്രാചീന ശിലായുഗത്തിന്റെ ക്രി.വ 1,7 50,000 -.ക്രി.വ 10,000) മുക്കാലും പൂർവ്വകാലഘട്ടമായിരുന്നു. ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മനുഷ്യജീവിയെ ആഫ്രിക്കയിലെ മഹാറിഫ്റ്റ് താഴ്വരയിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. ഇതിന് 'സിൻജന്ത്രോപ്പസ്' (Zinganthropus) എന്നാണ് പേര്. നീണ്ടു നിവർന്നു നടക്കുകയും പ്രാകൃതമായ ആയുധങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നതിനാൽ ഇവയെ മനുഷ്യവംശത്തിന്റെ ഏറ്റവും പൂർവ്വികരെന്ന് കരുതുന്നു." (എച്ച്.ജി. വെൽസ്, ലോകചരിത്ര സംഗ്രഹം). "എത്യോപ്പിയയിലെ ഹെർട്ടോയിൽ നിന്നും 1,60,000 വർഷം പഴക്കമുള്ള ഹോമൊ സാപിയൻസ് ഫോസിൽ കിട്ടിയതോടെ, ആധുനിക മനുഷ്യൻ ഉത്ഭവിച്ചത് ആഫ്രിക്കയിലാണെ

ന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടതായി കരുതാം. ആഫ്രിക്കയുടെ തെക്കെ അറ്റത്ത് ക്ളാസീസ് റിവർ മൗത്ത് എന്ന സ്ഥലത്തുനിന്നും 1,20,000 വർഷം പഴക്കമുള്ള ആധുനിക മനുഷ്യന്റെ അവശിഷ്ടങ്ങൾ കിട്ടിയിട്ടുണ്ട്." (1922-ൽ ജർമ്മൻ നരവംശ ശാസ്ത്രജ്ഞനായ 'ഫെലിക്സ് ഫോൺ ലസ്ക്കാൻ' എഴുതിയ, 'വംശങ്ങൾ, രാഷ്ട്രങ്ങൾ, ഭാഷകൾ' എന്ന പുസ്തകത്തിൽനിന്ന്). "പൂർവ്വഘട്ടത്തിൽ ജീവിച്ചിരുന്ന പ്രാചീന മനുഷ്യന്റെ മറ്റൊരു ഉദാഹരണം ജാവാ ദ്വീപുകളിൽ നിന്ന് കണ്ടെടുക്കപ്പെട്ട 'ജാവാ മനുഷ്യൻ' ആണ്. ശരിക്കും നീണ്ടു നിവർന്ന നടക്കാൻ കഴിവില്ലാത്ത പ്രകൃതം, വലിയ തല, ചെറിയ താടി, അഞ്ചടി ആറിഞ്ചു പൊക്കം എന്നിവയായിരുന്നു ജാവാ മനുഷ്യന്റെ പ്രത്യേകതകൾ. ജാവാമനുഷ്യനു ശേഷം ആവിർഭവിച്ച വർഗ്ഗമാണ് 'പെക്കിങ്ങ് മനുഷ്യൻ' ചൈനയിലെ പെക്കിങ്ങ് എന്ന സ്ഥലത്തു നിന്നും കിട്ടിയ അവശിഷ്ടങ്ങൾ കണ്ടെത്തിയതിനാലാണ് ഈ പേർ. ജർമ്മനിയിലെ നിയാണ്ടർ താഴ്വരയിൽ നിന്നും കണ്ടെത്തിയ അവശിഷ്ടങ്ങളിൽ നിന്നാണ് നിയാണ്ടർത്താൽ മനുഷ്യനെപ്പറ്റി വിവരം ലഭിക്കുന്നത്. ഇവരാണ് ഇന്ന് ഏറ്റവും കൂടുതൽ അറിയപ്പെടുന്ന വർഗ്ഗം. അവർ 1,20,000 വർഷങ്ങൾക്കു മുൻപു വരെ അഥവാ അവസാന ഹിമനദീയ കാലത്തിനും മുമ്പ് (ആദ്യത്തെ ഹിമനദീയ കാലം പത്തു ലക്ഷം കൊല്ലങ്ങൾക്കു മുൻപും രണ്ടാമത്തേത് ഏഴു ലക്ഷം കൊല്ലങ്ങൾക്കു മുൻപും അവസാനത്തേത് ഒരു ലക്ഷം കൊല്ലങ്ങൾക്കു മുൻപുമാണ്) ജീവിച്ചിരുന്നെന്ന് കരുതുന്നു. അഞ്ചടി അഞ്ചിഞ്ചു ഉയരം, മെലിഞ്ഞ ശരീരം, ചെറിയ മസ്തിഷ്കം, വികൃതരൂപം എന്നിവയായിരുന്നു പ്രത്യേകതകൾ. നടക്കുന്നതിൽ വൈകല്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇവർ കാലക്രമേണ

സംസാരിക്കാൻ പഠിച്ചതായി വിശ്വസിക്കപ്പെടുന്നു." (Homo neanderthalensis, സ്മിത്തോണിയൻ ഇൻസ്റ്റിറ്റ്യൂഷൻ, 2000).

ശാസ്ത്രത്തിന്റെ കണക്കനുസരിച്ചു ഇന്നു കാണുന്ന രീതിയിലുള്ള ആധുനീക മനുഷ്യൻ ഭൂമിയിൽ ഉണ്ടായിട്ട് ഏറ്റവും കുറഞ്ഞത് ഒരുലക്ഷത്തി ഇരുപതിനായിരം (1, 20,000) വർഷങ്ങളായി. 2011-ലെ കണക്കനുസരിച്ചു ലോകത്തിലെ ആകെ ജനസംഖ്യ 7.4 ബില്യൻ അഥവാ 740 കോടിയായിരുന്നു. 2018-ൽ അതു 763 കോടിയായി ഉയർന്നു. ഒരു തലമുറയെന്നാൽ ഒരു പുരുഷന്റെ ജനനം മുതൽ അനന്തരാവ കാശിയെ ജനിപ്പിക്കുന്ന പ്രായം വരെയാണ്. ഒരു തലമുറ ഇരുപത്തഞ്ചു വർഷമെന്നു കണക്കു കൂട്ടിയാൽ, മുപ്പതു വർഷംകൊണ്ട് ജനസംഖ്യ ഇരട്ടിയാകും. നമുക്കതു അൻപതു വർഷമെന്ന് കണക്കുകൂട്ടാം. സ്വാഭാവീകമായും, അപകടത്തിൽപ്പെട്ടും, പകർച്ചവ്യാധിയിലും, പ്രകൃതി ദുരന്തങ്ങളിലും മരിച്ചവരെ കിഴിച്ചാലും നൂറു വർഷംകൊണ്ട് ജനസംഖ്യ ഇരട്ടിയാകുമെന്നതിൽ ആർക്കും തർക്കമുണ്ടാകില്ല. അങ്ങനെ നോക്കിയാൽ, 1,20,000 വർഷംകൊണ്ടു 763 കോടിയോ 800 കോടിയോ ജനങ്ങൾ മതിയോ? ഇതൊരു സാധാരണ മനുഷ്യന്റെ സംശയം മാത്രമാണ്. ഇനി കണക്കുകൾ പരിശോധിക്കാം: "1804 വരെ ലോക ജനസംഖ്യ 100 കോടി എത്തിയിരുന്നില്ല. എന്നാൽ 1927-ൽ 200 കോടിയായും 1959-ൽ 300 കോടിയായും ഇത് വർദ്ധിച്ചു. 1974-ൽ 400 കോടിയായും 1987-ൽ 500 കോടിയായും വർദ്ധിച്ച ജനസംഖ്യ 1998-ലാണ് 600 കോടിയിലെത്തിയത്." (World population to hit 7 billion". the hindu online. 2011-10-16). "വാഷിംഗ്ടൺ: 2050 ആ

കുമ്പോൾ ലോകജനസംഖ്യ 9.9 ബില്യണിലേക്ക് കടക്കുമെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. അതായത് നിലവിലെ 7.4 ബില്യൻ ജനസംഖ്യയിൽ നിന്ന് 33 ശതമാനത്തിന്റെ വർദ്ധനവാണ് 2050-ൽ ഉണ്ടാവുകയെന്ന് പോപ്പുലേഷൻ റഫറൻസ് ബ്യൂറോയുടെ (പി.ആർ.ബി) റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്." 2018 ജൂലൈ 11-ലെ ലോക ജനസംഖ്യാദിനത്തിൽ മനോരമ പത്രത്തിൽ വന്ന കണക്കനുസരിച്ച്; എ.ഡി. 1000-ൽ ലോകജനസംഖ്യ 40 കോടിയും 2018-ൽ 763 കോടിയുമാണ്. പത്രത്തിൽ കൊടുത്തിരിക്കുന്ന പട്ടികയനുസരിച്ചു ആയിരം വർഷത്തെ വളർച്ചാനിരക്ക് പരിശോധിച്ചാൽ ഓരോ നൂറു വർഷം കൂടുമ്പോഴും ശരാശരി 34.4 ശതമാനമാനത്തിന്റെ വർദ്ധനവുണ്ടെന്ന് കാണാൻ കഴിയും.

എ.ഡി. 2018-ൽ 763 കോടി ജനം ലോകത്തുണ്ടെന്നും, 34.4 ശതമാനം വർദ്ധനവാണ് ഓരോ നൂറു വർഷം കൂടുമ്പോഴും ഉള്ളതെന്ന് നാം കണ്ടെത്തിക്കഴിഞ്ഞു. ഇനി ഇതേ കണക്കിൽ പരിണാമവാദികൾ പറയുന്ന മനുഷ്യചരിത്രം നമുക്കൊന്നു പരിശോധിക്കാം. പരിണാമത്തിലൂടെ എങ്ങനെ സ്ത്രീപുരുഷ ലിംഗവ്യത്യാസമുണ്ടായി എന്നു അവർ ഇതുവരെ നിർവ്വചിച്ചിട്ടില്ല. അതുപോട്ടെ നമുക്കവരെ സഹായിക്കാം. 1,20,000 വർഷം മുമ്പു ഒരു ആധുനീക കുടുംബം (പുരുഷനും സ്ത്രീയും) ഉണ്ടായിരുന്നു എന്നിരിക്കട്ടെ. ഓരോ നൂറുവർഷം കൂടുമ്പോഴും 34.4 ശതമാനം ഇവർ വർദ്ധിച്ചുകൊണ്ടിരുന്നു എന്നു കണക്കു കൂട്ടിയാൽ, പന്ത്രണ്ടായിരം (12,000) വർഷമാകുമ്പോൾ ലോകത്തു 1600 ലക്ഷം കോടി മനുഷ്യരുണ്ടാകണം. ഇപ്പോൾ ഉള്ളതാകട്ടെ 763 കോടിയും. ഇനിയും കിടക്കുന്നു ഒരുലക്ഷത്തി എണ്ണായിരം വർഷം. ഭൂ

മിയുടെ ഉപരിതല വിസ്തീർണ്ണം ആകെ 50,97,00000 ച.കി.മീറ്റർ ആണ്. അതിൽ കരയുടെ വിസ്തീർണ്ണം 29% (14,84,00000)-ഉം, ജലപ്പരപ്പ് 71% (36,13,00000)-ഉം ആണ്. അഥവാ മനുഷ്യർക്കു താമസ്സയോഗ്യമായ കരയുടെ വിസ്തീർണ്ണം ആകെ 14 കോടി 84 ലക്ഷം ച.കി.മീറ്റർ മാത്രമാണ്. ഇതിൽ ഒരു മനുഷ്യനു നിവർന്നു നില്ക്കാൻ ഒരു ചതുരശ്ര അടി സ്ഥലം വേണമെന്നു കണക്കു കൂട്ടിയാൽ, ഒരു ച.കി.മീറ്ററിൽ 1,07,63,910 പേർ നില്ക്കും. 14 കോടി 84 ലക്ഷം x 1,07,63,910 = 1597, 36424,40,00000 എന്നു കിട്ടും. അതായത് ഭൂമിയുടെ കരഭാഗത്തു മുഴുവൻ ഒരു വലിയ സമ്മേളനത്തിനു ജനങ്ങൾ തിങ്ങി നില്ക്കുന്നതുപോലെ നിന്നാൽ, ആകെ 1597 ലക്ഷംകോടി 36424 ആയിരത്തി 40 ലക്ഷം പേർക്ക് നില്ക്കാൻ കഴിയും. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ലോകത്തുള്ള കെട്ടിടങ്ങൾ, കുന്നുകൾ, മലകൾ, മൈതാനങ്ങൾ തുടങ്ങി, സമുദ്രനിരപ്പിൽനിന്നു 8848 മീറ്റർ ഉയരമുള്ള എവറസ്റ്റു കൊടുമുടിയുടെ മുകളിൽവരെ, ഭൂമിയുടെ കരഭാഗം മുഴുവൻ മനുഷ്യരെ മത്സ്യം അടുക്കുന്നതുപോലെ ചേർത്തുവെച്ചാൽ 1600 ലക്ഷംകോടി മനുഷ്യരെ കൊള്ളുകയുള്ളൂ. അതായത് ഭൂമി മുഴുവൻ മനുഷ്യരെക്കൊണ്ടു നിറയാൻ ആകെ 12,000 വർഷം മതി. അടുത്ത നൂറു വർഷംകൊണ്ടു 552 ലക്ഷം കോടി ജനങ്ങൾ വർദ്ധിക്കും. അവരെ നമുക്കു ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനിലേക്ക് അയക്കാം. ഭൂമിയുടെ മൂന്നിലൊന്നു വലിപ്പംമാത്രം ചന്ദ്രനുള്ളതുകൊണ്ടു അതോടെ ചന്ദ്രനും നിറയും. അതിനുശേഷം സൌരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിലേക്ക് പോകാം. അതിനടുത്ത നൂറു വർഷമാകുമ്പോൾ 742 ലക്ഷം കോടി ജനം വർ

ദ്ധിക്കും. അപ്പോൾ ഭൂമിയേക്കാൾ 18/1 മാത്രം വിപ്പമുള്ള ബുധനും, 10/1 വലിപ്പമുള്ള ചൊവ്വയും നിറഞ്ഞു കഴിയും. അതിനടുത്ത 5000 വർഷം കഴിയുമ്പോൾ ഭൂമിയേക്കാൾ 14 മടങ്ങുള്ള യുറാനസിലും, 17 മടങ്ങുള്ള നെപ്റ്റ്യൂണിലും, 29.5 മടങ്ങുള്ള ശനിയിലും, 318 മടങ്ങുള്ള വ്യാഴത്തിലും മനുഷ്യർ നിറഞ്ഞു കവിയും. അടുത്തത് നമുക്കു ഗ്യാലക്സികളിലേക്ക് പോകാം. പ്രപഞ്ചത്തിൽ പതിനായിരത്തിൽപ്പരം ഗ്യാലക്സികളും ഓരോ ഗ്യാക്സിയിലും ഒരു കോടി മുതൽ ഒരുലക്ഷം കോടിവരെ നക്ഷത്രങ്ങളുമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഒരു ലക്ഷം വർഷമാകുമ്പോൾ ഈ നക്ഷത്രങ്ങളിലൊക്കെയും മനുഷ്യർ നിറയും. പരിണാമവാദികളുടെ മനുഷ്യചരിത്രം ശരിയാണെങ്കിൽ അഥവാ 1,20,000 വർഷം മുമ്പുമുതൽ മനുഷ്യൻ ഭൂമിയിൽ ഉണ്ടായിരുന്നെങ്കിൽ, മനുഷ്യർ ഇന്നു പ്രപഞ്ചം മുഴുവൻ ഇയ്യാംപാറ്റകൾ പോലെ നിറയുമായിരുന്നു. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ; ഭൂമിയിലല്ലാതെ മറ്റു ഗ്രഹങ്ങളിലോ, നക്ഷത്രങ്ങളിലോ, പ്രപഞ്ചത്തിലെ മറ്റെവിടെയെങ്കിലുമോ ജീവജാലങ്ങളോ, ജീവന്റെ സാന്നിദ്ധ്യമോ ഇല്ല. ഇതിൽനിന്നു തന്നെ പരിണാമവാദികളുടെ മനുഷ്യചരിത്രത്തിന്റെ ഈ കണക്കു തെറ്റാണെന്നു തെളിയുന്നു.

ലോക ജനസംഖ്യാ ദിനത്തിൽ പത്രത്തിൽ വന്ന കണക്കു പ്രകാരം; "കഴിഞ്ഞ ആയിരം വർഷത്തെ ജനസംഖ്യാ വർദ്ധനവ് നൂറു വർഷം കൂടുമ്പോൾ ശരാശരി 34.4 ശതമാനമാണ്. ഇന്ത്യയിലെ ജനസംഖ്യയുടെ വാർഷീക വളർച്ച നിരക്കു 1.11 ശതമാനമാണെന്നും പറഞ്ഞിട്ടുണ്ട്." (11/07/2018, മലയാള മനോരമ). വാർഷീക വളർച്ച 1.11% എന്നു പറയുമ്പോൾ നൂറു വർഷത്തെ കണ

ക്കാക്കിയാൽ അതു ഇരട്ടിയിൽ അധികം അഥവാ 100 ശതമാനത്തിൽ കൂടുതൽ വരും. ഈ രണ്ടു കണക്കു വെച്ചു 1,20,000 വർഷത്തെ കണക്കു കൂട്ടിയാൽ കമ്പ്യൂട്ടർ വരെ അടിച്ചുപോകുമെന്നു നാം മുകളിൽ കണ്ടതാണ്. പണ്ടുകാലത്ത് വിശാലമായ ഭൂമിയിൽ താമസത്തിനും കൃഷിക്കും ആവശ്യത്തിനു സ്ഥലമുണ്ടായിരുന്നതിനാൽ കുടുമബാസൂത്രണത്തെക്കുറിച്ചും മനുഷ്യാവകാശത്തെക്കുറിച്ചും ആരും ചിന്തിച്ചിരുന്നില്ല. അതിന്റെ ആവശ്യവുമില്ലായിരുന്നു. ജനപ്പെരുപ്പവും അതേത്തുടർന്നുള്ള താമസസൌകര്യങ്ങളുടെ അഭാവം, തൊഴിലില്ലായ്മ, ദാരിദ്ര്യം, പോഷകാഹാരക്കുറവ്, രോഗങ്ങൾ, മലിനീകരണം തുടങ്ങിയവ നിയന്ത്രിക്കുന്നതിനു കഴിഞ്ഞ നൂറ്റാണ്ടു മുതലാണ് കുടുംബാസൂത്രണം പല രാജ്യങ്ങളും നടപ്പാക്കി തുടങ്ങിയത്. അങ്ങനെ നോക്കിയാൽ പഴയകാലത്തെ വളർച്ചാനിരക്കു ഇന്നത്തേതിലും കൂടുതലാണെന്നു ആരും സമ്മതിക്കും. എങ്കിലും നമുക്കു നൂറു വർഷം കൂടുമ്പോൾ പത്തു ശതമാനം വളർച്ചയെന്ന ഏറ്റവും കുറഞ്ഞൊരു കണക്കുകൂടിനോക്കാം. (നൂറു വർഷം കൂടുമ്പോൾ പത്തു ശതമാനം വർദ്ധനവെന്നു പറയുമ്പോൾ, വാർഷിക ശരാശരി 0.1%-ൽ താഴെയാണെന്നോർക്കണം. നിലവിലെ വർദ്ധനവ് 1.11%-വും). ഒരുലക്ഷത്തി ഇരുപതിനായിരം വർഷംമുമ്പു ഒരാധുനീക സ്ത്രീയും പുരുഷനും ഉണ്ടായിരുന്നു എന്നിരിക്കട്ടെ. ആദ്യത്തെ ആയിരം വർഷമാകുമ്പോൾ അവർ 5 പേരാകും. രണ്ടായിരം വർഷമാകുമ്പോൾ 13 പേരും, മൂവായിരം വർഷമാകുമ്പോൾ 34 പേരും, നാലായിരം വർഷമാകുമ്പോൾ 90 പേരും, അയ്യായിരം വർഷമാകുമ്പോൾ 234 പേരും, പതിനായിരം വർഷമാകുമ്പോൾ 27,561 പേരും, പതിനയ്യായിരം വർഷമാകുമ്പോൾ 32,3 5,511 പേരും,

ഇരുപതിനായിരം വർഷമാകുമ്പോൾ 37,98,19,415 പേരും, ഇരുപത്തിരണ്ടായിരത്തി ഇരുന്നുറു വർഷമാകുമ്പോൾ 801,94,22,338 പേരും അഥവാ 802 കോടി ജനം ഭൂമിയിൽ ഉണ്ടാകും. ഇനിയും കിടക്കുന്നു തൊണ്ണൂറ്റേഴായിരത്തി എണ്ണൂറു വർഷം. ഇതു കണക്കു കൂട്ടാൻ ഗൂഗോൾ (googol) സംഖ്യ മതിയാവില്ല. (ഒന്നിനു ശേഷം നൂറു പൂജ്യങ്ങൾ വരുന്ന സംഖ്യയാണ് ഗൂഗോൾ). എല്ലാ ശാസ്ത്രങ്ങളുടേയും റാണിയെന്നു അറിയപ്പെടുന്നതു ഗണിതശാസ്ത്രം (mathematics) ആണ്. മേൽവിവരിച്ച കണക്കുകളും ഗണിതശാസ്ത്രത്തിന്റെ പരധിക്കകത്തു വരില്ലേ? ആധുനീക മനുഷ്യചരിത്രം ഒരുലക്ഷത്തി ഇരുപതിനായിരം വർഷമെന്നതു മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും നിരക്കുന്നതാണോ? ഇതു പരിണാമ സിദ്ധാന്തമല്ല; പരിണാമസൂത്രമാണ്. ദൈവത്തിന്റെ അസ്ഥിത്വത്തെ നിഷേധിക്കാനുള്ള സാത്താന്യതന്ത്രം.

ഇനി നമുക്കു ബൈബിൾ പറയുന്ന സൃഷ്ടിവിവരം നോക്കാം: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." (ഉല്പ,1:1). എന്നാരംഭിക്കുന്ന ബൈബിൾ തുടർന്നു ആറു ദിവസത്തെ സൃഷ്ടിവിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഉല്പ, 1:2-31). 'ആദിയിൽ' എന്ന പദം ദൈവം സകലവും സൃഷ്ടിച്ച സൂക്ഷ്മ സമയത്തെ സൂചിപ്പിക്കുന്നു. അതെത്ര വർഷം മുമ്പാണെന്നു ബൈബിളിൽ പറഞ്ഞിട്ടില്ല. ഇന്നു നാം കാണുന്ന പ്രപഞ്ചവും അധിവസിക്കുന്ന ഭൂമിയും കോടിക്കണക്കിനോ ലക്ഷക്കണക്കിനോ വർഷം പഴക്കമുള്ളതാണെന്നു വിശ്വാസയോഗ്യമാംവണ്ണം ശാസ്ത്രം തെളിയിച്ചാലും അതു ബൈബിളിനു വിരുദ്ധമാകില്ല. കാരണം ആദാമിനെ ദൈവം സൃഷ്ടിക്കുന്നതിനും ആദാം പാപം ചെയ്യുന്നതി

നും ഇടയിൽ ഒരു ഇടവേള ഉണ്ട്. അതിനെ നിഷ്പാപ യുഗം അഥവാ നിഷ്ക്കന്മഷയുഗം എന്നാണ് പറയുന്നത്. അതെത്ര വർഷമാണെന്നു ബൈബിളിൽ പറഞ്ഞിട്ടില്ല. പക്ഷെ ഇന്നു കണ്ടെടുത്തിരിക്കുന്ന ഫോസിലുകൾക്കു ലക്ഷക്കണക്കിനോ കോടിക്കണക്കിനോ വർഷത്തെ പ്രായമുണ്ടെന്നു പറഞ്ഞാൽ ബൈബിൾ അതിനെ അനുകൂലിക്കുന്നില്ല. എന്നു മാത്രമല്ല വിശ്വാസികൾ അതിനെ എതിർക്കുകയും ചെയ്യും. കാരണം ആദാമിന്റെ ലംഘനം മുലമാണ് ഭൂമിയും സകല ചരാചരങ്ങളും ശാപത്തിനും നാശത്തിനും വിധേയമായത്. (ഉല്പ, 3:14-19). ആദാം പാപം ചെയ്യുന്നതുവരെ ഭൂമിയിൽ കാലമില്ലായിരുന്നു. കാലത്തിന്റെ നൈരന്തര്യമാണ് ജീർണ്ണത ഉളവാക്കുന്നത്. ബൈബിൾ പറയുന്നു; "ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു." (റോമ, 5:12). അഥവാ ആദാം പാപം ചെയ്യുന്നതുവരെ ഭൂമിയിൽ ഒരു ജീവിയും മരിച്ചിരുന്നില്ല. ആദാം തൊള്ളായിരത്തിമുപ്പത് വയസ്സുവരെ ജീവിച്ചിരുന്നുവെന്ന് വേദപുസ്തകം പറയുന്നു. (ഉല്പ, 5:5). സെപ്റ്റ്വജിന്റ് ബൈബിൾ പ്രകാരം; ഹാനോക്കിന്റെ അപ്പൂപ്പനായ യാരെദ് ജനിക്കുന്നതിനും മുപ്പതു വർഷം മുമ്പാണ് ആദം മരിക്കുന്നത്. ആദം മരിച്ചു എഴുന്നൂറ്റി പന്ത്രണ്ടു വർഷമായപ്പോഴാണ് നോഹ ജനിക്കുന്നത്. നോഹയുടെ ജനനത്തിന്റെ അഞ്ചൂറാം വർഷം മക്കളുടെ ജനനവും, അറുന്നൂറാം വർഷം രണ്ടാംമാസം ഇരുപത്തേഴാം തീയതി ജലപ്രളയവും തുടങ്ങുന്നു. (ഉല്പ, 5:3-32, 7:6). ജലപ്രളയത്തിനു ശേഷം ആയിരത്തി ഒരുന്നൂറ്റി എഴുപത്തിരണ്ടാം വർഷം അബ്രഹാം ജനിക്കുന്നു. (ഉല്പ, 11:26). ആദാം മുതൽ എഴുപത്തിനാലാം തലമുറ യേശുവിന്റെ അമ്മയായ മറിയയിലും എത്തുന്നു. ഇതിൽ വളരെപ്പേരും അനന്തരാവ

കാശികളെ ജനിപ്പിക്കുന്ന പ്രായവും ബൈബിളിലുണ്ട്. മത്തായി സുവിശേഷത്തിലെ തലമുറകളിൽ അപ്രധാനരായ ചിലരെ വിട്ടുകളഞ്ഞിട്ടുണ്ട്. ലൂക്കൊസിന്റെ സുവിശേഷത്തിൽ ഇടമുറിയാതെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (3:24-38). ഇതിൽനിന്നു ജീവജാലങ്ങൾ ഭുമിയിൽ നാശത്തിനു വിധായമാകാൻ (മരിക്കുവാൻ) തുടങ്ങിയിട്ടു ഏകദേശം ബി.സി.യിൽ 6000 വർഷവും, ഇന്നേക്കു 8000 വർഷവുമേ ആയിട്ടുള്ളൂ എന്നു മനസ്സിലാക്കാം. തന്മൂലം 8000 വർഷത്തിൽ കൂടുതലുള്ള ഫോസിലുകളൊന്നും ബൈബിൾ വിശ്വസിക്കുന്നവർക്കു അംഗീകരിക്കാൻ കഴിയില്ല.

"വെള്ളപ്പൊക്കത്തിൽ മണ്ണൊലിച്ചു എക്കലുകൾ അടിഞ്ഞുകൂടി കാലങ്ങൾ കഴിയുമ്പോൾ അതു കട്ടിയായാണ് എക്കൽ പാറകളായി മാറുന്നത്. എക്കൽ അടിയുമ്പോൾ ചത്തടിഞ്ഞ ജീവികളും അവശിഷ്ടങ്ങളും അതിനടിയിൽപ്പെട്ടു എക്കലിന്റെ ഭാഗമായി മാറുന്നു. കാലക്രമേണ ഈ ജീവികളുടെ പ്രതിരൂപം എക്കൽ പാറയായി രൂപാന്തരപ്പെടുന്നു. ഇതിനെയാണ് ഫോസിലുകൾ അഥവാ ജീവാംശങ്ങൾ എന്നു പറയുന്നത്." ഇന്നു കണ്ടെടുത്തിരുക്കുന്ന ഫോസിലുകൾ എല്ലാംതന്നെ എക്കൽ പാറകളിൽനിന്നു കണ്ടെടുത്തിട്ടുള്ളതാണ്. നാം അധിവസിക്കുന്ന ഭൂമിക്കു ചുറ്റും പലയിടത്തും മണ്ണിനടിയിലും പുറത്തുമായി എക്കൽ പാറകൾ പല അടുക്കുകളായി കാണപ്പെടുന്നുണ്ട്. ഈ പാറകൾക്കു ദശകോടിക്കണക്കിനു വർഷത്തെ പഴക്കമുണ്ടെന്ന നിഗമനത്തിലാണ് പരിണാമവാദികൾ എത്തിനില്ക്കുന്നത്. "പുരാതനത്വം നിർണ്ണയിക്കാൻ ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന കാലഗണനാ രീതി റേഡിയോ മെട്രിക് രീതിയാ

ണ്. പാറകളുടെ പ്രായം നിർണ്ണയിക്കാൻ യുറേനിയം-തോറിയം-ഈയം, പൊട്ടാസ്യം-ആർഗൺ സമ്പ്രദായമാണ് ഉപയോഗിക്കുന്നത്. പ്രായം കുറഞ്ഞ പുരാവസ്തുക്കളുടെ കാര്യത്തിൽ കാർബൺ - 14 രീതിയും ഉപയോഗിക്കുന്നു. ഈ പഴക്കനിർണ്ണയ രീതികളൊന്നും കൃത്യതയുള്ളതല്ലെന്നു അനേകർ തെളിയിച്ചിട്ടുണ്ട്. creation.c-om എന്ന വെബ്സൈറ്റിൽ (101 evidences for a youn-g age of the earth and the universe) പ്രപഞ്ചത്തിനും ഭൂമിക്കും കണ്ടെടുത്തിരുക്കുന്ന ഫോസിലുകൾക്കും കോടിക്കണക്കിനു വർഷത്തെ പ്രായമില്ലെന്നു തെളിയിച്ചിട്ടുണ്ട്. Young Earth creationism എന്ന സൈറ്റിലും പരിണാസിദ്ധാന്തത്തിന് എതിരായ തെളിവുകളുണ്ട്. ജൂലൈ 11-ലെ പത്രത്തിൽ വന്നൊരു വാർത്ത പത്തുകോടി വർഷം പഴക്കമുള്ള തവള ഫോസിലിനെക്കുറിച്ചാണ്; "ആ ചാട്ടം ഒരിക്കലും ആരും വിചാരിക്കാത്തത്ര സംഭവബഹുലമായ ചരിത്രത്തിലേക്കാണെന്ന് ഈ കൊച്ചു തവള പ്രതീക്ഷിച്ചില്ല. അത് ഉന്നംവെച്ച പ്രാണിയുടെ അടുത്തെത്താൻ സെക്കന്റിന്റെ ചെറിയൊരംശം വ്യത്യാസമുണ്ടായി. അതേനിമിഷത്തിൽ അടുത്തൊരു മരക്കൊമ്പിൽ നിന്നു ഊറിവീണ പശ രണ്ടുപേരെയും അതിൽ കുടുക്കിയിട്ടു. കഴിഞ്ഞ നാളുകളിൽ അതു കണ്ടെത്തി. മ്യാൻമറിൽ നിന്നു കണ്ടെത്തിയ ഈ കുഞ്ഞൻ തവള പശയിൽ കുടുങ്ങിയിട്ടു പത്തുകോടി വർഷം കഴിഞ്ഞു." (11/07/2018, മലയാള മനോരമ). ഇതെന്തൊരു വിരോധാഭാസമാണ്. ലക്ഷക്കണക്കിനു വർഷം കൊണ്ടു അതിജീവനത്തിനു വേണ്ടി പൊരുതി ഒരു ജീവി മറ്റൊരു ജീവിയായി പരിണമിക്കുമെന്നാണ് പരിണാമവാദികൾ പറയുന്നത്. മനുഷ്യരുടെ പൂർവ്വീകരാകട്ടെ എഴുപതു ലക്ഷം വർഷം മുമ്പുള്ളതാണെന്നും ഇവർ പറയുന്നു. എന്നിട്ടും

പത്തു കോടി വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു തവള മത്സ്യമോ പക്ഷിയോ ആകാതെ നമ്മുടെ തവളയായിത്തന്നെ ഇരിക്കുന്നു. അന്നും തവള പ്രാണിയാണ് ഭക്ഷിച്ചിരുന്നത്. ഇന്നത്തെ തവളകളും പുല്ലോ വൈക്കോലോ ഭക്ഷിക്കാതെ പ്രാണിയെ തന്നെയാണ് ഭക്ഷിക്കുന്നത്. ഇതു പരിണാമസിദ്ധാന്തമല്ല; ദൈവത്തിനെതിരായ സാത്താന്റെ പരിഭ്രാന്തസിദ്ധാന്തമാണ്. ഇതിൽനിന്നൊക്കെ സ്പഷ്ടമായി തെളിയുന്ന ഒരു വസ്തുതയുണ്ട്. പരിണാമക്കാർ പറയുന്നതുപോലെ ഭൂമിയുടെ ഉപരിതലത്തിനു കോടിക്കണക്കിനോ ലക്ഷക്കണക്കിനോ പ്രായമില്ല; ആയിരക്കണക്കിനു വർഷത്തെ പ്രായമാണുള്ളത്. തന്മൂലം ഭൂമിയുടെ ഉള്ളിലും പുറത്തുമായി ഇന്നു കാണുന്ന എക്കൽ പാറകൾ നോഹയുടെ കാലത്തെ ജലപ്രളയത്തിലുള്ളതാണ്. ബൈബിളിന്റെ വെളിച്ചത്തിൽ അത് ഏകദേശം ബി.സി. 3000-ത്തിൽ അഥവാ ഇന്നേക്കു 5000 വർഷം പഴക്കമൊണുള്ളതെന്നു മനസ്സിലാക്കാം.

നോഹയുടെ കാലത്തെ ജലപ്രളയം ഒരു ഐതിഹ്യമോ, കെട്ടുകഥയോ, ദൃഷ്ടാന്തകഥയോ, നാടോടിക്കഥയോ, അല്ല. അതൊരു സംഭവചരിത്രമാണെന്നു ബൈബിളിൽനിന്നു മനസ്സിലാക്കാം. പണ്ടുപണ്ടൊരു ജലപ്രളയമുണ്ടായിരുന്നു എന്നല്ല പറയുന്നത്. "നോഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരത്തിൽ രണ്ടാം മാസം പതിനേഴാം തിയ്യതി, അന്നുതന്നേ ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നു; ആകാശത്തിന്റെ കിളിവാതിലുകളും തുറന്നു. നാല്പതു രാവും നാല്പതു പകലും ഭൂമിയിൽ മഴ പെയ്തു." (ഉല്പ, 7:11-12). ഇതൊരു പ്രാദേശിക പ്രളയമായിരുന്നു എന്നു കരുതുന്നവരുണ്ട്. എന്നാൽ ആഗോള ജലപ്രളയമായിരുന്നു എന്നു ബൈബിൾ വ്യ

ക്തമാക്കുന്നു. "വെള്ളം ഭൂമിയിൽ അത്യധികം പൊങ്ങി, ആകാശത്തിൻ കീഴെങ്ങുമുള്ള ഉയർന്ന പർവ്വതങ്ങളൊക്കെയും മൂടിപ്പോയി. പർവ്വതങ്ങൾ മൂടുവാൻ തക്കവണ്ണം വെള്ളം പതിനഞ്ചു മുഴം അവെക്കു മീതെ പൊങ്ങി." (ഉല്പ, 7:19-20). "ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുകകൊണ്ടു ഞാൻ അനുതപിക്കുന്നു എന്നു യഹോവ അരുളിച്ചെയ്തു." (ഉല്പ, 6:7). ഭൂമിയിലെ ഉയർന്ന പർവ്വതങ്ങളേക്കാൾ 22.5 അടി ഉയരത്തിൽ വെള്ളം പൊങ്ങുകയും, ആകാശത്തിലെ പക്ഷികൾവരെ നശിച്ചുപോകുകയും ചെയ്ത പ്രളയം പ്രാദേശികം മാത്രമോ? "പറവകളും കന്നുകാലികളും കാട്ടുമൃഗങ്ങളും നിലത്തു ഇഴയുന്ന എല്ലാ ഇഴജാതിയുമായി ഭൂചരജഡമൊക്കെയും സകലമനുഷ്യരും ചത്തുപോയി." (ഉല്പത്തി 7:21). പെട്ടകത്തിൽ കയറിയ എട്ടു മനുഷ്യരും പക്ഷിമൃഗാദി ഇഴജാതികളും അല്ലാത്ത ഭുജരജഡമൊക്കെയും ചത്തുപോയി എന്നു പറഞ്ഞാൽ അതൊരു സാർവ്വത്രിക പ്രളയമല്ലാതെ എന്താണ്? ജലപ്രളയം സാർവ്വത്രികമായിരുന്നു എന്നതിനു മറ്റൊരു തെളിവാണ് പ്രളയാനന്തരം നോഹയോടു ദൈവം ചെയ്യുന്ന ഉടമ്പടി. (ഉല്പ, 9:9-17). "ഇനി സകലജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകയുമില്ല എന്നു ഞാൻ നിങ്ങളോടു ഒരു നിയമം ചെയ്യുന്നു." (ഉല്പ, 9:11). "ഇനി സകല ജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയുമില്ല." (ഉല്പ, 9:15). ഈ ഉടമ്പടിക്കു ശേഷവും ലോകത്തിൽ അനേകം പ്രാദേശിക വെള്ളപ്പൊക്കങ്ങൾ ഉണ്ടായിട്ടുണ്ട്. നോഹയുടെ കാലത്തെ വെള്ളപ്പൊക്കം പ്രാദേശികമാ

യിരുന്നെങ്കിൽ ബൈബിൾ വിരോധികൾ അടങ്ങിയിരിക്കുമായിരുന്നോ? 'നോഹൈക ഉടമ്പടിയാണ് ബൈബിളിനു പറ്റിയ ഏറ്റവും വലിയ പ്രമാദം' എന്നു പറഞ്ഞവർ മുറവിളി കൂട്ടുമായിരുന്നു. ഇനി പെട്ടകത്തിന്റെ നിർമ്മിതി നോക്കുക; "അതു ഉണ്ടാക്കേണ്ടതു എങ്ങനെ എന്നാൽ: പെട്ടകത്തിന്റെ നീളം മുന്നൂറു മുഴം (137 മീററർ); വീതി അമ്പതു മുഴം (23 മീറ്റർ); ഉയരം മുപ്പതു മുഴം (14 മീറ്റർ)." (ഉല്പ, 6:15). നീളവും വീതിയും ഉയരവും തമ്മിലുള്ള അനുപാതം നോക്കുക. ഒരു വർഷമായിരുന്നു വെള്ളപ്പൊക്കത്തിന്റെ കാലാവധി. (ഉല്പ, 7:11 - 8:13,14). എഞ്ചിനും കപ്പിത്താനും ഇല്ലാതെ ഒരുവർഷം മുഴുവനും മറിയാതെ വെള്ളത്തിൽ സഞ്ചരിക്കാൻ ഈ അനുപാതം കൃത്യമാണെന്നു ലോകത്തിലുള്ള ഏതൊരു വിദഗ്ദ്ദ എഞ്ചിനീയറും സമ്മതിക്കില്ലേ? ബി.സി. 3000-ത്തിനോടടുത്തു നടന്ന നോഹയുടെയും ജലപ്രളയത്തിന്റെയും ചരിത്രം സത്യമാണെന്നു ക്രിസ്തുവിനും 700 വർഷംമുമ്പു ജീവിച്ചിരുന്ന പ്രവാചകനായ യെശയ്യാവു രെഖപ്പെടുത്തിയിട്ടുണ്ട്. (54:9). ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യെഹെസ്ക്കേലും (14:14,20), എ.ഡി. ഒന്നാം നൂറ്റാണ്ടിൽ യേശുവിന്റെ ശിഷ്യനായ പത്രൊസും (1പത്രോ, 3:20, 2പത്രൊ, 2:5), മറ്റൊരു ശിഷ്യനായ പൌലൊസും (എബ്രാ, 11:7) നോഹയുടെ ചരിത്രം സത്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതിലുപരി കർത്താവായ യേശുക്രിസ്തു തന്റെ പുനരാഗമനം നോഹയുടെ കാലം പോലെ ആയിരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. "നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും

പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും." (മത്താ, 24:37-39, ലൂക്കൊ, 7:26-27). നോഹയുടെ ജലപ്രളയം സത്യമാണെന്നുള്ളതിനു ഇതിൽക്കൂടുതൽ തെളിവെന്തിനാണ്.

ഇനി പ്രളയാനന്തരമുള്ള ജനവർദ്ധനവ് നോക്കാം. നോഹയുടെ കാലത്തെ ജലപ്രളയം ഏകദേശം ബി.സി. 3000-ലാണ്. അന്നുമുതൽ ഇന്നുവരെ 5018 വർഷം. ജലപ്രളയത്തിനു ശേഷം അവശേഷിച്ചത് എട്ടുപേർ അഥവാ നാലു കുടുംബം. ഉല്പത്തി പത്താമദ്ധ്യയത്തിൽ നോഹയുടെ പുത്രന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവരുടെ പതിനാറു പുത്രന്മാരും, അവരിൽ ഏഴു പേരിലൂടെ അമ്പത്തിമൂന്നു പുത്രപൌത്രന്മാരുടെയും വിവരങ്ങളുണ്ട്. പതിനാറുപേരിൽ ഒൻപതു പുത്രന്മാരുടെ തലമുറകളും, പുത്രീപൌത്രിമാരുടെ വിവരങ്ങളും അതിൽ ചേർത്തിട്ടില്ല. ഭൂമിയിൽ ജാതികളും, വംശങ്ങളും, ഗോത്രങ്ങളും, ഭാഷകളുമായി പിരിഞ്ഞുപോയവരുടെ വിവരം മാത്രമാണുള്ളത്. (ഉല്പ, 10:32). തുടർന്നു അബ്രഹാം വരെയുള്ള ആയിരം വർഷം പരിശോധിച്ചാൽ ഓരോരുത്തരും 'ജീവിച്ചിരിന്നു പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു' എന്നു കാണാൻ കഴിയും. (ഉല്പ, 11:13,15,17,19, 21,23,25,26). ഓരോരുത്തരെയും ജനിപ്പിച്ച ശേഷം ജീവിച്ചിരുന്നു പുത്രീപുത്രന്മാരെ ജനിപ്പിച്ചു എന്നു പറഞ്ഞിരിക്കുന്നതിനാൽ, ഓരോരുത്തർക്കും ഏറ്റവും കുറഞ്ഞതു അഞ്ചു മക്കളെങ്കിലും ഉണ്ടായിരുന്നുവെന്നു മനസ്സിലാക്കാം. യുദ്ധങ്ങളിലും പ്രകൃതി ക്ഷോഭങ്ങളിലും സ്വാഭാവിക മരണങ്ങളിലും മരിച്ചുപോകുന്നവരെ കിഴിച്ചാലും ഇന്നത്തെ 34:4% എന്നതിൽ കൂടുതൽ ജനസംഖ്യാ

വർദ്ധനവ് അക്കാലങ്ങളിൽ ഉണ്ടായിരുന്നുവെന്ന് ആരും സമ്മതിക്കും. ജനസംഖ്യാ നിയന്ത്രണം അക്കാലത്തൊന്നും ഇല്ലായിരുന്നു എന്നതും ഒരു കാരണമാണ്. ബി.സി. 3000 മുതൽ എ.ഡി. 1000 വരെ ഓരോ നൂറു വർഷം കൂടുമ്പോൾ ശരാശരി 56 ശതമാനം ജനസംഖ്യാ വർദ്ധനവ് എന്നു കണക്കാക്കിയാൽ, എ.ഡി. ആയിരമാകുമ്പോൾ ലോകത്ത് നാല്പതു കോടി ജനമുണ്ടാകും. കണക്കു ഇങ്ങനെ; ബി.സി. 3000-ത്തിൽ 8 പേരും, ബി.സി. 2000-ത്തിൽ 677 പേരും, ബി.സി. 1000-ത്തിൽ 57,762 പേരും, ബി.സി. 1-ൽ 49,30,481 പേരും, എ. ഡി. 1000-ത്തിൽ 40 കോടി പേരുമാകും. ബാക്കി കണക്കു ചരിത്രത്തിലുണ്ട്. എ.ഡി. 1000-മുതൽ 2018-വരെ 34.4 ശതമാനം വർദ്ധനവ് എന്നു കണക്കിൽ 763 കോടി ജനം ഇന്നു ഭൂമിയിൽ ഉണ്ട്. ഇതല്ലേ മനുഷ്യരുടെ ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന കണക്ക്. അർത്ഥാൽ ആധുനിക മനുഷ്യചരിത്രം ഏകദേശം അയ്യായിരം വർഷമാണെന്നു ബൈബിൾ പറയുന്നു; അതുമതി. അതിലധികമുണ്ടെന്നു വിശ്വാസയോഗ്യമാംവണ്ണം തെളിയിക്കാൻ പരിണാമവാദികൾ കുറെ പണിപ്പെടും.

ഇന്നുകാണുന്ന പ്രപഞ്ചത്തിനും ഭൂമിക്കും സമസ്തചരാചരങ്ങൾക്കും ആദികാരണമായ ഒരു ദൈവമുണ്ടെന്നു ബൈബിൾ വ്യക്തമാക്കുന്നു. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു." (സങ്കീ, 19:1). ലോകബുദ്ധിജീവികൾ വിചാരിക്കുന്നത് ഭൂമി താമസിയാതെ നിറഞ്ഞുകവിയും; പിന്നെ മറ്റു ഗ്രഹങ്ങളിൽ പോയി താമസിക്കാമെന്നാണ്. ചന്ദ്ര പര്യവേഷണത്തിനു പണം കണ്ടെത്താൻ അൻപതു വർഷമായിട്ടു നാസ ചന്ദ്ര

നിൽ സ്ഥലം കച്ചവടം ചെയ്യുന്നുണ്ട്. ഷാരൂഖ് ഖാൻ ഉൾപ്പെടെയുള്ള പല ഇന്ത്യക്കാരും ചന്ദ്രനിലെ ജന്മിമാരാണ്. 2008 മെയ് 30-ന് കാസർകോട് സ്വദേശി 'മേലത്ത് മണികണ്ഠൻ' എന്ന മലയാളിയും പത്തു ഏക്കർ സ്ഥലം വാങ്ങിയിരുന്നു. എന്നാൽ പ്രപഞ്ചശില്പിയും ഏറ്റവും വലിയ ശാസ്ത്ജ്ഞനുമായ ദൈവം ഭൂമി മാത്രമാണ് മനുഷ്യർക്കു കൊടുത്തിരിക്കുന്നത്. "സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു." (സങ്കീ, 115:16). വാസയോഗ്യമായ മറ്റൊരു ഗ്രഹവും ഇതുവരെ കണ്ടെത്തിയിട്ടില്ലെന്നുള്ളതും ശ്രദ്ധേയമാണ്. ഭൂമിയിൽ ആകെ 14 കോടി 84 ലക്ഷം ച.കി.മീറ്റർ സ്ഥലവും, 763 കോടി ജനങ്ങളുമാണു ഇപ്പോഴുള്ളത്. അതായത് ഓരോ മനുഷ്യനും താമസിക്കാൻ ഏകദേശം 2000 ച.മീറ്റർ സ്ഥലം ഭൂമിയിൽ ഇപ്പോഴുമുണ്ട് എന്നർത്ഥം. ഭൂമി നിറഞ്ഞുകവിയുമെന്നു ആരും വിചാരിക്കണ്ട. ഇനിയും വളരെ താമസിയാതെ യേശുക്രിസ്തുവിന്റെ പുനരാഗമനമുണ്ടാകും. പുനരാഗമനാനന്തരം ഒന്നാമത്തെ ആകാശവും ഭൂമിയും വെള്ളത്താൽ നശിപ്പിച്ചപോലെ ഇപ്പോഴുള്ള ആകാശവും ഭൂമിയും തീകൊണ്ടു നശിപ്പിക്കുകയും ദൈവവിശ്വാസികളെ പുതിയ ആകാശഭൂമിയിൽ പാർപ്പിക്കുകയും ചെയ്യും. അന്നു ദൈവനിഷേധികളെല്ലാം ദൈവകോപത്തിൽ പട്ടുപോകുകയും ചെയ്യും. ക്രിസ്തുവിന്റെ പുനരാഗമനത്തെ നിഷേധിക്കുന്ന പരിഹാസികൾക്കുള്ള മറുപടിയും ബൈബിളിലുണ്ട്; "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചുനടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യ

കാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ. ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു." (2പത്രൊ, 3:3-7).

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." (ഉല്പ, 1:1). ബൈബിളിലെ ഈ പ്രാരംഭ വാക്യത്തെ ഖണ്ഡിക്കുവാൻ ശാസ്ത്രത്തിനു ഇതുവരെ കഴിഞ്ഞിട്ടില്ല; ഇനിയൊട്ടു കഴിയത്തുമില്ല. നിരീശ്വരവാദത്തിന്റെ വക്താക്കളാണ് ഭൂമിക്കു കോടിക്കണക്കിന് വർഷം പ്രായം ആരോപിക്കുന്നതും തുടർന്നു എല്ലാം പരിണമിച്ചുണ്ടായതാണെന്നു വാദിക്കുന്നതും. ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഒന്നും തന്നെ ദൈവാസ്തിത്വം നിരാകരിക്കുവാൻ പര്യാപ്തമായവയല്ല. യഥാർത്ഥ ശാസ്ത്രജ്ഞന്മാർക്ക് അങ്ങനെയൊരു ഉദ്ദേശ്യവുമില്ല. ജനിതകശാസ്ത്രത്തിൽ ജീനുകളെക്കുറിച്ചും ഡിഎൻഎ ഘടനയെക്കുറിച്ചുമുള്ള പഠനത്തിൽ വിദഗ്ദരായ ഒരു ഗവേഷകസംഘത്തിന്റെ നേതൃത്വം ഒരു ദശകത്തിലധികം വഹിച്ച 'ഡോ. ഫ്രാൻസീസ് കോളിൻസിന്റെ വാക്കുകളിലേക്ക്; "എന്റെ ശാസ്ത്രഗവേഷണത്തിൽ ഞാൻ ദൈവത്തെ കണ്ടെത്താൻ ശ്രമിച്ചില്ല എന്നുള്ളതുകൊണ്ടു ദൈവം ഇല്ലെന്നു വരുമോ? സൂര്യന്റെ നേരെ കണ്ണടച്ചു ഇരുട്ടാക്കിയതുകൊണ്ടു സൂര്യൻ ഇല്ലാതാകുമോ? ദൈവത്തെക്കുറിച്ചുള്ള ചിന്തയിൽ മുഴുകിയപ്പോൾ അസ്ഥിത്വബോധം എന്നിൽ ശക്തമായി. പ്രപഞ്ചത്തിന്റെ പിന്നിലുള്ള പരാശ

ക്തിയെപ്പറ്റി വ്യക്തമായ ചിന്ത ഉയർന്നു. ജീനുകളെപ്പറ്റിയും ഡിഎൻഎയെ കുറിച്ചുമുള്ള എന്റെ കണ്ടുപിടുത്തങ്ങൾ ദൈവത്തിലുള്ള വിശ്വാസത്തെ ബലപ്പെടുത്തി. അവസാനം ഇരുപത്തെട്ടാം വയസ്സിൽ യേശുക്രിസ്തുവിലുള്ള ദൃഢമായ വിശ്വാസത്തിൽ വന്നെത്തി." 'ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ' ഡോക്ടർ കോളിൻസ് ഒരു പ്രഭാഷണ പരമ്പര നടത്തി. വിഷയം 'ഒരു ജനിതക ശാസ്ത്രജ്ഞനു വിശ്വാസിയാകാമോ' എന്നതായിരുന്നു. ശ്രോതാക്കളിൽ നിന്നുയർന്ന ചോദ്യങ്ങൾക്കു സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വ്യക്തമായ മറുപടി അദ്ദേഹം നൽകി. അദ്ദേഹം വെളിപ്പെടുത്തിയ ഒരു വലിയ സത്യം ഇതായിരുന്നു; "ദൈവമാണ് ഏറ്റവും വലിയ ശാസ്ത്രജ്ഞൻ" ശാസ്ത്രസത്യങ്ങളെ നിഷേധിക്കാതെ തന്നെ പരമപിതാവായ ദൈവത്തിലുള്ള വിശ്വാസത്തിൽ തുടരാൻ കഴിയുമെന്ന് ഒരു നല്ലപങ്കു ശാസ്ത്രജ്ഞന്മാരും സമർത്ഥിക്കുന്നു. 'ബിൽ ക്ലിന്റൻ' ഡോക്ടർ കോളിൻസിനെ അനുമോദിച്ചപ്പോൾ പ്രസ്താവിച്ചത്. "ശാസ്ത്രവും വിശ്വാസവും തമ്മിൽ ബന്ധപ്പെട്ടു നിൽക്കുന്നു എന്നും ശാസ്ത്ര സത്യങ്ങളെക്കുറിച്ചു ദൈവത്തിനു ഭയമൊന്നുമില്ല" എന്നുമായിരുന്നു. (17/12/ 2017, മലയാളമനോരമ). ഐ.എസ്.ആർ.ഒയിലെ പുതിയ ചെയർമാന്റെ വാക്കുകളിലേക്ക്; "ശാസ്ത്രം പഠിച്ചു എന്നതുകൊണ്ട് എല്ലാ കാര്യങ്ങളും അറിയുന്നവൻ എന്നർത്ഥമില്ല. ശാസ്ത്രം എത്ര വികസിച്ചിട്ടും നമുക്കു ഇനിയും അറിയാത്ത എത്രയോ കാര്യങ്ങൾ പ്രപഞ്ചത്തിൽ നടക്കുന്നില്ലേ? അതു നടത്തുന്ന ശക്തിയിൽ ഞാൻ വിശ്വസിക്കുന്നു. ആ ശക്തിയെ ബഹുമാനിക്കുന്നു." (ഐഎസ്ആർഒ ചെയർമാൻ ഡോ.കെ. രാജൻ. 15/01/2018, മലയാള മനോരമ). എന്നാൽ ദൈവത്തിൽനിന്ന് മനു

ഷ്യനെ തെറ്റിക്കാൻ കാലാകാലങ്ങളിൽ സാത്താൻ നടത്തുന്ന തന്ത്രങ്ങളുടെ പരിണിതഫലമാണ് മഹാവിസ്ഫോടനപരിണാമസിദ്ധാന്തം. ശാസ്ത്രജ്ഞന്മാർ കഴിഞ്ഞകാലങ്ങളിൽ കണ്ടെത്തിയിരിക്കുന്ന പ്രപഞ്ചോല്പത്തിയെ കുറിച്ചുള്ള അനേക ശാസ്ത്ര നിഗമനങ്ങളിൽ ചിലതു മാത്രമാണ് മഹാവിസ്ഫോടനസിദ്ധാന്തവും തുടർന്നുള്ള പരിണാമസിദ്ധാന്തവും. വിശ്വാസയോഗ്യമാംവണ്ണം ഒന്നും ഇതുവരെ തെളിയിക്കപ്പെട്ടിട്ടുമില്ല. എങ്കിലും നിരീശ്വരവാദത്തിന്റെ വക്താക്കളായ പരിണാമവാദികൾ ഇതിനെ ദൈവത്തെ നിഷേധിക്കുവാനുള്ള കണ്ടെത്തലുകളായി ഉപയോഗിക്കുന്നു എന്നുമാത്രം. ബൈബിൾ ഇവർക്കൊരു പ്രത്യേക വിശേഷണം നല്കുന്നുണ്ട്; "ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു; അവർ വഷളന്മാരായി മ്ളേച്ഛത പ്രവർത്തിക്കുന്നു; നന്മചെയ്യുന്നവൻ ആരുമില്ല." (സങ്കീ, 14: 1). ദൈവത്തെ അന്വേഷിക്കുന്നവർക്കും ഒരു വിശേഷണമുണ്ട്; "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു." (സങ്കീ, 14:2).

ദൈവം ഒരു മനുഷ്യനെയും വെറുക്കുന്നില്ലെന്നു മാത്രമല്ല എല്ലാവരെയും സ്നേഹിക്കകയും ചെയ്യുന്നു. കാരണം; ദൈവം സ്നേഹം ആകുന്നു. (1യോഹ, 4:8,16). പഴയനിയമത്തിൽ യഹോവയായ ദൈവം അരുളിച്ചെയ്യുന്നു; "ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിന്നു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷിവെക്കുന്നു." (ആവ, 30:19). ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ വാക്കുകൾ; "മരണവും ജീവനും നാവിന്റെ

അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും." (സദൃ, 18:21). പുതിയനിയമം പറയുന്നു; "യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും." (റോമർ, 10:9). മാനവകുലത്തിന്റെ രക്ഷയ്ക്കായി കർത്താവായ യേശുവിന്റെ നാമമല്ലാതെ മറ്റൊന്നില്ല; "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല." (പ്രവൃ, 4:12). "ദൈവത്തെ മറക്കുന്ന സകലരുമായുള്ളോരെ; "ഇരുട്ടാകുന്നതിന്നും നിങ്ങളുടെ കാൽ അന്ധകാരപർവ്വതങ്ങളിൽ ഇടറിപ്പോകുന്നതിന്നും മുമ്പെ നിങ്ങളുടെ ദൈവമായ യഹോവയ്ക്കു ബഹുമാനം കൊടുപ്പിൻ; അല്ലെങ്കിൽ നിങ്ങൾ പ്രകാശത്തിന്നു കാത്തിരിക്കെ അവൻ അന്ധതമസ്സും കൂരിരുട്ടും വരുത്തും" (യിരെ,13:16) എന്ന ബൈബിൾവാക്യം മുന്നറിയിച്ചുകൊണ്ടും, "ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" (യോഹ, 1 2:17) എന്ന പ്രത്യാശാവചനം ഉദ്ധരിച്ചുകൊണ്ടും, "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" (മർക്കൊ,1:15) എന്നു പ്രബോധിപ്പിച്ചുകൊണ്ടും; അതിനായി എല്ലാവരെയും ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും നിർത്തുന്നു.

02/08/2018 ക്രിസ്തേശുവിന്റെ ബദ്ധൻ
ഫോർട്ട്കൊച്ചി റോയി ആൻഡ്രൂസ്